ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27.07.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. 2047ഓടെ വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ സംസ്ഥാനങ്ങൾക്ക് നിർണ്ണായക പങ്ക് വഹിക്കാനാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **PM Modi says States can play an active role to achieve the aim of Viksit Bharat@2047.**

2. പ്രധാനമന്ത്രി ജനങ്ങളുമായി സംവദിക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' നാളെ.

   **PM Modi to share his thoughts in 'Mann Ki Baat' programme tomorrow.**

3. പൊതുവിഭവങ്ങളുടെയും ചരക്കുനീക്കത്തിന്റെയും സുരക്ഷിതത്വം ഉറപ്പാക്കാൻ അന്താരാഷ്ട്ര സഹകരണത്തിലൂടെ മാത്രമേ കഴിയൂ എന്ന് വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ.

   **External Affairs Minister Dr. S. Jaishankar says only international cooperation can ensure that the global commons are secure and global goods are delivered.**

4. പാരിസ് ഒളിമ്പിക്സിൽ ആദ്യ സ്വർണം ചൈനയ്ക്ക്; സ്വർണപ്രതീക്ഷയുമായി ഇന്ത്യയുടെ മനു ഭാക്കർ 10 മീറ്റർ എയർ പിസ്റ്റൾ വനിതാവിഭാഗം ഫൈനലിൽ.

   **In Paris Olympics, China win first gold medal; Manu Bhaker advances to women's 10m Air Pistol final.**

5. ടി20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ടോസ് നേടിയ ശ്രീലങ്ക, ഇന്ത്യയെ ബാറ്റിങ്ങിനയച്ചു.

   **Sri Lanka win the toss and put India into batting in the opening match of the three match t20I series.**

&&&&&&&&&&&&&&&&&&

## HEADLINE – 1

## NITI AYOG 1

'2047 ഓടെ വികസിത ഭാരതം' എന്ന പ്രമേയത്തിലൂന്നി നിതി ആയോഗ് ഭരണസമിതിയുടെ ഒമ്പതാമത് യോഗം ന്യൂഡൽഹിയിലെ രാഷ്ട്രപതിഭവൻ സാംസ്കാരിക കേന്ദ്രത്തിൽ ചേർന്നു. ഈ ലക്ഷ്യം കൈവരിക്കുന്നതിൽ സംസ്ഥാനങ്ങളുടെ പങ്കിനെക്കുറിച്ചുള്ള വിശദമായ ചർച്ചകൾ നടന്നു. പ്രധാനമന്ത്രി അധ്യക്ഷത വഹിച്ച യോഗത്തിൽ നിതി ആയോഗ് വൈസ് ചെയർമാൻ സുമൻ ബെറി, സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണപ്രദേശങ്ങളിലെയും മുഖ്യമന്ത്രിമാരും ലെഫ്റ്റനൻ്റ് ഗവർണർമാരും, എക്സ് ഒഫിഷ്യോ അംഗങ്ങളായ കേന്ദ്ര മന്ത്രിമാർ എന്നിവർ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## NITI AYOG (INTRO)

വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ സംസ്ഥാനങ്ങൾക്ക് സജീവമായ പങ്ക് വഹിക്കാനാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. നിലവിലെ സാങ്കേതികവും ഭൗമരാഷ്ട്രീയപരവുമായ അവസരങ്ങൾ പ്രയോജനപ്പെടുത്തണമെന്നും അന്താരാഷ്ട്ര നിക്ഷേപങ്ങൾക്ക് അനുകൂലമായ നയങ്ങൾ രൂപപ്പെടുത്തണമെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. ന്യൂഡൽഹിയിൽ നിതി ആയോഗിൻ്റെ 9-ാം ഭരണസമിതി യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു ശ്രീ മോദി.

ഒരു റിപ്പോർട്ട്.... (വോയ്സ്)

## NITI AYOG (VOICE)

എല്ലാ സംസ്ഥാനങ്ങളുടെയും കൂട്ടായ പരിശ്രമത്തിലൂടെ വികസിത ഭാരതം എന്ന സ്വപ്നം സാക്ഷാത്കരിക്കാനാകുമെന്ന് യോഗത്തെ അഭിസംബോധന ചെയ്ത നിതി ആയോഗ് ചെയർമാൻ കൂടിയായ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ലോകത്തെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയാകാനുള്ള ശരിയായ ദിശയിലാണ് രാജ്യം നീങ്ങുന്നത്. കോവിഡ് മഹാമാരിയെപ്പോലും നമ്മുടെ രാജ്യം പരാജയപ്പെടുത്തി. വികസിത ഭാരതത്തിനായി നൈപുണ്യം,

ഗവേഷണം, നൂതനാശയം, തൊഴിലധിഷ്ഠിത വിജ്ഞാനം എന്നിവയ്ക്ക് ഊന്നൽ നൽകണമെന്നും ശ്രീ മോദി പറഞ്ഞു. ടീം ഇന്ത്യ എന്ന നിലയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെയുള്ള ഭരണവും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനുമാണ് യോഗം ലക്ഷ്യമിടുന്നതെന്ന് നിതി ആയോഗ് വ്യക്തമാക്കി.

**ന്യൂസ് ഡെസ്ക് ആകാശവാണി.....**

&&&&&&&&&&&&&&&&&&

## HEADLINE – 2

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി സംവദിക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' നാളെ രാവിലെ 11ന്. മൻ കി ബാത്തിൻറെ 112-ാം പതിപ്പാണിത്. ദൂരദർശൻറെയും ആകാശവാണിയുടെയും എല്ലാ ശൃംഖലകളിലും പരിപാടി തത്സമയം പ്രക്ഷേപണം ചെയ്യും. തുടർന്ന് പ്രാദേശിക പരിഭാഷയും ഉണ്ടായിരിക്കും.

&&&&&&&&&&&&&&&&&&

## HEADLINE – 3

## JAISHANKAR-ASEAN REGIONAL FORUM

പൊതുവിഭവങ്ങളുടെയും ആഗോള ചരക്കുനീക്കത്തിന്റെയും സുരക്ഷിതത്വം ഉറപ്പാക്കാൻ അന്താരാഷ്ട്ര സഹകരണത്തിന് മാത്രമേ കഴിയൂ എന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. ലാവോസിൽ 31-ാമത് ആസിയാൻ മേഖലാ ചർച്ചാവേദിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭീകരതയെ അതിൻ്റെ എല്ലാ അർത്ഥത്തിലും ചെറുക്കാനും ഭീകര സങ്കേതങ്ങളും ധനസഹായ ശൃംഖലകളും തകർക്കാനും സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യാനും നാം കരുത്തു നേടണമെന്നും വിദേശകാര്യ മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## REV. JAISHANKAR-EAST ASIA SUMMIT

14-ാമത് കിഴക്കൻ ഏഷ്യ ഉച്ചകോടിയെയും ഡോ. എസ് ജയ് ശങ്കർ അഭിസംബോധന ചെയ്തു. ആക്ട് ഈസ്റ്റ് നയത്തിലൂടെ ആസിയാൻ ഐക്യവും കേന്ദ്രീകരണവും ഇന്ത്യ തുടർന്നും ഉയർത്തിക്കാട്ടുമെന്ന് അദ്ദേഹം പറഞ്ഞു. അടുത്തവർഷം രണ്ടു ദശാബ്ദം പൂർത്തിയാക്കുന്ന കിഴക്കനേഷ്യ ഉച്ചകോടിക്ക് കരുത്തുറ്റ പിന്തുണയാണ് ഇന്ത്യ നൽകിവരുന്നതെന്നും ശ്രീ ജയ്ശങ്കർ പറഞ്ഞു.

&&&&&&&&&&&&&&&&&&

**GEORGE KURIAN**

രാജ്യത്തു നിന്നുള്ള ചെമ്മീൻ ഇറക്കുമതിക്ക് അമേരിക്ക ഏർപ്പെടുത്തിയിട്ടുള്ള നിരോധനത്തിന്റെ പശ്ചാത്തലത്തിൽ പ്രത്യേക തരം വല വികസിപ്പിച്ചെടുത്തതായി കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ. പ്രത്യേക ഇനത്തിൽപ്പെട്ട കടലാമകൾ വലയിൽ കുടുങ്ങുന്നതിനാലാണ് നിരോധനം. കടലാമകളെ ഒഴിവാക്കി കൊഞ്ചുൾപ്പെടെയുള്ള മറ്റു മത്സ്യങ്ങളെ പിടിക്കാൻ കഴിയുന്ന തരം വലകളാണ് വികസിപ്പിച്ചതെന്ന് കൊച്ചിയിൽ വാർത്താസമ്മേളനത്തിൽ കേന്ദ്ര സഹമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

**PM HM- CRPF RAISING DAY**

CRPF സ്ഥാപക ദിനത്തോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി സേനയ്ക്ക് ആശംസകൾ നേർന്നു. സിആർപിഎഫിൻ്റെ അർപ്പണബോധവും രാജ്യത്തിനായുള്ള സേവനവും ശ്ലാഘനീയമാണെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. ധീരതയുടെയും പ്രതിബദ്ധതയുടെയും മാതൃകയായ CRPF രാജ്യത്തെ സുരക്ഷിതമായി നിലനിർത്തുന്നതിൽ നിർണായക പങ്ക് വഹിക്കുന്നതായും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

**HEADLINE – 4**

**OLYMPICS**

പാരിസ് ഒളിമ്പിക്സിൽ ആദ്യ സ്വർണം ചൈനയ്ക്ക്. 10 മീറ്റർ എയർ റൈഫിൾ ടീം ഇനത്തിലാണ് ചൈന സ്വർണം നേടിയത്. അതേസമയം, മെഡൽ പ്രതീക്ഷയോടെ ഇന്ത്യയുടെ മനു ഭാക്കർ 10 മീറ്റർ എയർ പിസ്റ്റൾ വനിതാവിഭാഗത്തിൽ ഫൈനലിൽ

പ്രവേശിച്ചു. യോഗ്യതാ റൗണ്ടിൽ മൂന്നാം സ്ഥാനവുമായാണ് മനു ഫൈനലിലെത്തിയത്. ഇന്ത്യയുടെ സ്വർണ പ്രതീക്ഷയാണ് താരം. നേരത്തെ, ഷൂട്ടിങ് 10 മീറ്റർ എയർ പിസ്റ്റൾ പുരുഷവിഭാഗത്തിൽ മെഡൽ റൗണ്ടിലേക്കു യോഗ്യത നേടാതെ ഇന്ത്യയുടെ സരബ്ജോത് സിങ്ങും അർജുൻ ചീമയും പുറത്തായിരുന്നു.

&&&&&&&&&&&&&&&&&&

## OLYMPICS 2

ബാഡ്മിന്റൺ പുരുഷവിഭാഗം ഡബിൾസിൽ ഇന്ത്യയുടെ സാത്വിക് സായ്‌രാജ് രങ്കിറെഡ്ഡി- ചിരാഗ് ഷെട്ടി സഖ്യത്തിന്റെ മത്സരം രാത്രി എട്ടിന്. വനിതാ ഡബിൾസിൽ രാത്രി 11.50ന് അശ്വിനി പൊന്നപ്പയും തനിഷ ക്രാസ്റ്റോയും കളത്തിലിറങ്ങും. ഹോക്കിയിൽ ഇന്ത്യയുടെ ആദ്യ മത്സരം രാത്രി ഒമ്പതിന് ന്യൂസിലൻഡിനെതിരെയാണ്. ബോക്സിങ് വനിതകളുടെ 54 കിലോ വിഭാഗത്തിൽ പ്രീതി പവാറിന്റെ മത്സരം ഇന്നു രാത്രി 12നു നടക്കും.

&&&&&&&&&&&&&&&&&&

## HEADLINE – 5

## CRICKET- IND VS SL

മൂന്ന് മത്സര ഇന്ത്യ-ശ്രീലങ്ക ടി20 ക്രിക്കറ്റ് പരമ്പരയ്ക്ക് തുടക്കമായി. ആദ്യ മത്സരത്തിൽ ടോസ് നേടിയ ശ്രീലങ്ക, ഇന്ത്യയെ ബാറ്റിങ്ങിനയച്ചു. ശ്രീലങ്കയിലെ പല്ലേക്കലെ അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം. ഒടുവിൽ വിവരം കിട്ടുമ്പോൾ ഇന്ത്യ 6 ഓവറിൽ ഒരു വിക്കറ്റിന് 74 റൺസ് എടുത്തിട്ടുണ്ട്. പുതിയ പരിശീലകൻ ഗൗതം ഗംഭീറിനു കീഴിൽ ഇന്ത്യ ഇറങ്ങുന്ന ആദ്യ മത്സരമാണിത്.

&&&&&&&&&&&&&&&&&&

## WOMEN S ASIA CUP

ഏഷ്യാ കപ്പ് - വനിതാ ടി-20 ക്രിക്കറ്റ് ഫൈനലിൽ ഇന്ത്യ നാളെ ശ്രീലങ്കയെ നേരിടും. സെമി ഫൈനലിൽ ഇന്ത്യ ബംഗ്ലാദേശിനെയും ശ്രീലങ്ക പാകിസ്ഥാനെയും തോൽപ്പിച്ചിരുന്നു. നാളെ വൈകിട്ട് മൂന്നിന് ശ്രീലങ്കയിലെ ദംബുള്ളയിലാണ് ഫൈനൽ.

&&&&&&&&&&&&&&&&&&

## KARNATAKA – SHIRUR

കർണാടകത്തിലെ ഷിരൂരിൽ ഉണ്ടായ മണ്ണിടിച്ചിലിൽ കാണാതായ അർജുനെ കണ്ടെത്താനുള്ള ശ്രമം പന്ത്രണ്ടാം ദിവസവും തുടരുന്നു. പ്രാദേശിക മുങ്ങൽ വിദഗ്ധനായ ഈശ്വർ മാൽപെയുടെ നേതൃത്വത്തിലുള്ള സംഘമാണ് തെരച്ചിൽ നടത്തുന്നത്. പ്രാദേശിക മത്സ്യത്തൊഴിലാളികളടക്കം നിരവധി പേർ തിരച്ചിലിൽ പങ്കാളികളാണ്.

&&&&&&&&&&&&&&&&&&

## VEENA GEORGE

കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജ് ക്യാമ്പസുകളിലും സുരക്ഷിത ആശുപത്രി- സുരക്ഷിത ക്യാമ്പസ് യജ്ഞം ആരംഭിച്ചതായി ആരോഗ്യ മന്ത്രി വീണ ജോർജ്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിയാണ് ഇത് നടപ്പിലാക്കുന്നത്.

&&&&&&&&&&&&&&&&&&

## WEATHER – KERALA

കേരളത്തിലും ലക്ഷദ്വീപിലും അടുത്ത ദിവസങ്ങളിൽ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രതാനിർദേശം നൽകിയിട്ടുണ്ട്. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യയുള്ളതിനാൽ മത്സ്യബന്ധനത്തിന് വിലക്കുണ്ട്.

&&&&&&&&&&&&&&&&&&

## MACHHAL EXCHANGE FIRE

വടക്കൻ കശ്മീരിലെ കുപ്‌വാര ജില്ലയിൽ നിയന്ത്രണ രേഖ കടക്കാൻ ശ്രമിച്ച പാകിസ്ഥാൻ ഭീകരസംഘത്തിലെ ഒരാളെ സൈന്യം വധിച്ചു. ഇയാളിൽ നിന്നും ആയുധങ്ങളും വെടിക്കോപ്പുകളും സൈന്യം പിടിച്ചെടുത്തു. കൊല്ലപ്പെട്ട ഭീകരനെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചു വരികയാണ്. ഭീകരരുമായുണ്ടായ ഏറ്റുമുട്ടലിൽ ഒരു സൈനികൻ വീരമൃത്യു വരിച്ചു. ഗുരുതരമായി പരിക്കേറ്റ മറ്റൊരു സൈനികനെ ശ്രീനഗറിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

&&&&&&&&&&&&&&&&&&

## UNESCO - HERITAGE SITES

യുനെസ്കോ ലോക പൈതൃക പട്ടികയിൽ ഏഴ് പുതിയ സ്ഥലങ്ങൾ കൂടി ഉൾപ്പെടുത്തി. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടന്ന 46-ാമത് ലോക പൈതൃക സമ്മേളനത്തിലാണ് പുതിയ പൈതൃക ഇടങ്ങൾ പ്രഖ്യാപിച്ചത്. ജപ്പാനിലെ സാഡോ ഐലൻഡ് ഗോൾഡ് മൈൻസ്, ചൈനയിലെ ബെയ്ജിംഗ് സെൻട്രൽ ആക്സിസ്, തായ്ലൻഡിലെ ഫു ഫ്രാബത്ത് ഹിസ്റ്റോറിക്കൽ പാർക്ക്, റഷ്യയുടെ കെനോസെറോ തടാകം, കെനിയയുടെ ചരിത്ര നഗരവും ഗെഡിയിലെ പുരാവസ്തു ഇടങ്ങളും, ദക്ഷിണാഫ്രിക്കയിലെ നെൽസൺ മണ്ടേല പൈതൃക ഇടങ്ങൾ, മലേഷ്യയുടെ നിയ ദേശീയ പാർക്ക് ഗുഹ സമുച്ചയം എന്നിവയാണ് പുതുതായി ലോക പൈതൃകപ്പട്ടികയിൽ ഇടം നേടിയത്.

&&&&&&&&&&&&&&&&&&

## ISRAEL ATTACK

സെൻട്രൽ ഗാസയിൽ ഇസ്രായേൽ നടത്തിയ ആക്രമണത്തിൽ 30 പലസ്തീനികൾ കൊല്ലപ്പെട്ടു. 100 ഓളം പേർക്ക് പരിക്കേറ്റു. യുദ്ധത്തിൽ പരിക്കേറ്റവർക്കും കുടിയിറക്കപ്പെട്ട പലസ്തീനികൾക്കും അഭയം നൽകുന്ന സ്കൂളിന് നേർക്കാണ് ആക്രമണമുണ്ടായത്. അതേസമയം, സ്കൂൾ വളപ്പിൽ സ്ഥിതി ചെയ്യുന്ന ഹമാസ് കേന്ദ്രത്തെയാണ് ആക്രമിച്ചതെന്ന് ഇസ്രായേൽ സൈന്യം അറിയിച്ചു.

&&&&&&&&&&&&&&&&&&

## NAVI MUMBAI - BUILDING COLLAPSE

മഹാരാഷ്ട്രയിൽ കനത്ത മഴയെത്തുടർന്ന് ഇരുനില കെട്ടിടം തകർന്ന് മൂന്ന് മരണം. രണ്ട് പേർക്ക് പരിക്ക്. കെട്ടിട അവശിഷ്ടങ്ങൾക്കിടയിൽ നിന്ന് രണ്ട് പേരെ രക്ഷപ്പെടുത്തിയതായി മുംബൈ മുനിസിപ്പൽ കമ്മീഷണർ കൈലാഷ് ഷിൻഡെ അറിയിച്ചു. നവി മുംബയിലെ ബേലാപ്പൂരിൽ ഇന്ന് രാവിലെയാണ് അപകടം നടന്നത്. മുംബൈയിലും മഹാരാഷ്ട്രയുടെ വിവിധ ഭാഗങ്ങളിലും ദിവസങ്ങളായി പെയ്യുന്ന മഴ വെള്ളക്കെട്ടിനും , പല പ്രദേശങ്ങളിലും ഗതാഗതക്കുരുക്കിനും കാരണമായിട്ടുണ്ട്.

&&&&&&&&&&&&&&&&&&&

## DIGITAL PUBLIC INFRASTRUCTURE

ഇന്ത്യയുടെ ഡിജിറ്റൽ പൊതു അടിസ്ഥാനസൗകര്യങ്ങൾ ആഗോളതലത്തിലേക്ക് മാറുന്നുവെന്ന് കേന്ദ്ര സഹമന്ത്രി ജിതിൻ പ്രസാദ പറഞ്ഞു. ദശലക്ഷക്കണക്കിന് ജീവിതങ്ങൾ മാറ്റിമറിച്ച ഇന്ത്യയുടെ ഡിജിറ്റൽ പൊതു അടിസ്ഥാനസൗകര്യങ്ങൾ ഇപ്പോൾ പല രാജ്യങ്ങളും അനുകരിക്കുകയാണെന്നും മന്ത്രി രാജ്യസഭയെ അറിയിച്ചു.

&&&&&&&&&&&&&&&&&&&

## KAMALA HARRIS CANDIDATURE

അമേരിക്കൻ പ്രസിഡൻ്റ് തിരഞ്ഞെടുപ്പിൽ വൈസ് പ്രസിഡൻ്റ് കമല ഹാരിസ്, സ്ഥാനാർത്ഥിത്വം ഔദ്യോഗികമായി പ്രഖ്യാപിച്ചു. നവംബറിൽ നടക്കുന്ന തിരഞ്ഞെടുപ്പിൽ ഓരോ വോട്ടും നേടാൻ കഠിനാധ്വാനം ചെയ്യുമെന്നും അവർ പറഞ്ഞു. ഡെമോക്രാറ്റിക് പാർട്ടി സ്ഥാനാർത്ഥിയായാണ് കമലാ ഹാരിസ് മത്സരിക്കുന്നത്.

&&&&&&&&&&&&&&&&&&&

## YEMEN-AIR STRIKES

യെമനിൽ, ഹൊദൈദ പ്രവിശ്യയിൽ യുഎസ്-ബ്രിട്ടീഷ് സഖ്യം ഇന്നലെ നാല് വ്യോമാക്രമണങ്ങൾ നടത്തിയതായി റിപ്പോർട്ട്. ഹൂതി നിയന്ത്രണത്തിലുള്ള അൽ മസീറയാണ് വാർത്ത പുറത്തുവിട്ടത്.

&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&